**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2403** **13-09-2023 - ൽ മറുപടിയ്ക്ക്**

**പെൺകുട്ടികൾക്ക് തുല്യത ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സമൂഹത്തിൽ പെൺകുട്ടികൾക്ക് തുല്യാവകാശം ലഭ്യമാക്കി അവകാശബോധമുള്ളവരായി മാറ്റാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ദേശീയ ബാലികാ ദിനാചരണത്തിന്റെ ഭാഗമായി ലിംഗ പദവി സമത്വത്തിലധിഷ്ഠിതമായ പദ്ധതികളുടെ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | (എ) സമൂഹത്തിൽ പെൺകുട്ടികൾക്ക് തുല്യാവകാശം ലഭ്യമാക്കി അവകാശ ബോധമുള്ളവരായി മാറ്റുന്നതിന് എസ്.സി.പി.എസ് മുഖേന നടപ്പാക്കുന്ന ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി.) പദ്ധതിയുടെ ഭാഗമായുള്ള സ്കൂളുകളിൽ സ്മാർട്ട്–40 ക്യാമ്പുകളിലൂടെ വിവിധ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ജീവിത നൈപുണി പരിശീലനം നൽകുന്നു. സ്മാർട്ട്–40 ജീവിത നൈപുണി പരിശീലനം നൽകുന്നതിനായി തയ്യാറാക്കിയിട്ടുള്ള മോഡ്യൂളിലെ തന്മയീഭാവം എന്ന സെക്ഷനിലൂടെ കുട്ടികൾക്ക് സമത്വം, പരിഗണനം, അവരുടെ വികാരങ്ങൾ പ്രകടിപ്പിയ്ക്കുവാനുള്ള അവകാശം എന്നിവയെ കുറിച്ച് കൃത്യമായി ബോധ്യപ്പെടുത്തി കൊടുക്കുന്നു. കൂടാതെ പാരന്റിംഗ് ക്ലിനിക്കുകളിലൂടെ മാതാപിതാക്കൾക്ക് കുട്ടികളുടെ അവകാശങ്ങൾ, താല്പര്യങ്ങൾ, പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ എന്നിവയെ കുറിച്ച് വ്യക്തമായ ആശയങ്ങളും നിർദ്ദേശങ്ങളും നൽകി വരുന്നു. ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ ഓ.ആർ.സി.യുടെ ഭാഗമായി നടപ്പാക്കുന്ന സ്മാർട്ട്–I ക്യാമ്പുകളിലൂടെ കുട്ടികൾക്ക് തങ്ങളുടെ സ്വന്തം കഴിവുകളെ തിരിച്ചറിയുവാനും അത് എവിടെയും പ്രദർശിപ്പിയ്ക്കുവാനും തങ്ങൾക്ക് താല്പര്യമുള്ള ഏതൊരു മേഖലയിലും എത്ര ഉയരത്തിൽ ചിന്തിയ്ക്കുവാനും പ്രവർത്തിയ്ക്കുവാനുമുള്ള ഒരു ആർജ്ജവം ലഭിയ്ക്കുന്നു.<br><br>ദേശീയ ബാലികാ ദിനാചരണത്തിന്റെ ഭാഗമായി ലിംഗപദവി സമത്വത്തിലധിഷ്ഠിതമായ പദ്ധതികളുടെ പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ ബോധവൽക്കരണ പരിപാടികൾ (കരിയർ ഗൈഡൻസ് ഉൾപ്പെടെ) സംഘടിപ്പിച്ചിട്ടുണ്ട്. ബേട്ടി ബചാവോ ബേട്ടി പഠാവോ എന്ന നൂറുശതമാനം |

| | | | |
|---|---|---|---|
| | | | കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലിംഗപദവി അസമത്വം തടയാനായി ബാലികാ ദിനം ആചരിക്കുമ്പോൾ ടി വിഷയത്തിൻമേൽ അവബോധം സൃഷ്ടിക്കാനും കൂടുതൽ ജനശ്രദ്ധ ടി വിഷയത്തിൽ കൊണ്ടുവരാൻ സാധിക്കുകയും സമൂഹത്തിൽ നിലനിൽക്കുന്ന ദുരാചാരങ്ങളായ ശൈശവ വിവാഹം, സ്ത്രീധനം, ഗാർഹിക പീഡനം, സ്ത്രീകൾക്കു നേരെയുണ്ടാകുന്ന മറ്റ് അതിക്രമങ്ങൾ തടയുന്നതിനുള്ള പദ്ധതികൾ വകുപ്പ് മുഖേന ജില്ല/ബ്ലോക്ക്/സ്കൂളുകൾ/കോളേജുകൾ/ അങ്കണവാടി തലത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>അങ്കണവാടികളോടനുബന്ധിച്ച പ്രവർത്തിച്ചിരുന്ന പെൺകുട്ടികൾക്ക് മാത്രമുള്ള കൗമാര ക്ലബ്ബുകളെ "വർണ്ണക്കൂട്ട്" എന്ന പേരിൽ പുനർ നാമകരണം ചെയ്തിട്ടുണ്ട്. നിലവിൽ ആൺകുട്ടികളെയും "വർണ്ണക്കൂട്ടിൽ" ഉൾപ്പെടുത്തിയിട്ടുണ്ട്. വർണ്ണക്കൂട്ടിലെ അംഗങ്ങൾക്ക് വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നൽകി വരുന്നുണ്ട്. 1230 സെക്ടറുകളിലെ വർണ്ണക്കൂട്ടുകൾക്ക് WIFI connection നൽകിയിട്ടുണ്ട്.<br><br>കുട്ടികളുടെ മാനസിക ശാരീരിക ബൗദ്ധിക വളർച്ച ലക്ഷ്യമിട്ടു കൊണ്ടു അംഗങ്ങളെ ഉൾപ്പെടുത്തികൊണ്ട് കൗമാര ക്ലബ്ബുകൾ മുഖേന വിവിധ പരിപാടികൾ സംഘടിപ്പിക്കുവാനും, അത്തരത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന വർണ്ണക്കൂട്ടുകൾക്ക് പ്രൊജക്റ്റ് തലത്തിലും ജില്ലാതലത്തിലും Cash അവാർഡ് നൽകിവരുന്നു.<br><br>സൈക്കോ സോഷ്യൽ പദ്ധതി പ്രകാരം 1012 സ്കൂളുകളിൽ counseller മാരെ നിയമിച്ചിട്ടുണ്ട്. കൗമാരക്കാരായ കുട്ടികൾക്ക് ആവശ്യമായ counselling സേവനങ്ങൾ നൽകി വരുന്നു. |
| (ബി) | പോക്സോ അതിജീവിതരായ കുട്ടികളുടെ മാനസികാഘാതം ലഘൂകരിച്ച് പിന്തുണ നൽകുന്നതിനും, ഗാർഹിക പീഡനത്തിനിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും നിയമ-വൈദ്യസഹായം നൽകി സംരക്ഷിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; പെൺകുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളിൽ പിന്തുണ നൽകി സ്വയംപര്യാപ്തരാക്കി മാറ്റാൻ കൈക്കൊള്ളുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | (ബി) പോക്സോ അതിജീവിതരായ കുട്ടികളുടെ മാനസികാഘാതം ലഘൂകരിച്ച് പിന്തുണ നൽകുന്നതിനും, ഗാർഹിക പീഡനത്തിനിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും നിയമ-വൈദ്യസഹായം നൽകി സംരക്ഷിക്കുന്നതിനും വനിത ശിശു വികസന വകുപ്പ് മുഖേന ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കേരളത്തിൽ 2012 ൽ നിർഭയ പോളിസി നിലവിൽ വന്നു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ നടന്നു കഴിഞ്ഞാൽ അവരെ സംരക്ഷിക്കുന്നതിനും, നിയമസഹായം നൽകുന്നതിനും സമൂഹത്തിലേക്ക് പുനരേകീകരണം നടത്തുന്നതിലേക്കും പോളിസി പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് ഊന്നൽ നൽകുന്നു. അതിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്കെതിരെ ലൈംഗികാതിക്രമം ഉണ്ടാകുന്ന സാഹചര്യത്തിൽ അവരെ അവരുടെ വീട്ടിലോ വീടുപോലുള്ള മറ്റ് അന്തരീക്ഷത്തിലോ താമസിപ്പിക്കുവാൻ സാധിക്കാത്ത അവസരങ്ങളിൽ അവർക്ക് സുരക്ഷിത അഭയം നൽകുന്നതിനുവേണ്ടി സ്റ്റേറ്റ് നിർഭയ സെല്ലിന് കീഴിൽ പോക്സോ അതിജീവിതരായ പെൺകുട്ടികളെ താമസിപ്പിക്കുന്നതിലേക്കായി വിവിധ ജില്ലകളിലായി 22 ഹോമുകൾ പ്രവർത്തിച്ചു വരുന്നു. എല്ലാ ജില്ലകളിലും ഓരോ എൻടി ഹോമുകൾ വീതം പ്രവർത്തിക്കുന്നു. 2013 മുതൽ കേരളത്തിൽ നിർഭയസെല്ലിന്റെ കീഴിൽ ഹോമുകൾ പ്രവർത്തിച്ചു വരുന്നു.

## ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെയും ലൈംഗികാതിക്രമം അതിജീവിച്ച കുട്ടികളുടെയും സാമൂഹികാധിഷ്ഠിത പുനരധിവാസ പദ്ധതി (കാവൽപ്ലസ്)

വനിതശിശുവികസന വകുപ്പ് നടപ്പിലാക്കി വരുന്ന കാവൽപ്ലസ് പദ്ധതി ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെയും ലൈംഗികാതിക്രമം അതിജീവിച്ച കുട്ടികളുടെയും സാമൂഹികാധിഷ്ഠിത പുനരധിവാസം ലക്ഷ്യമിടുന്നു. മാനസികവും സാമൂഹികവുമായ പരിരക്ഷ ഈ പദ്ധതിയിലൂടെ കുട്ടികൾക്ക് ലഭ്യമാക്കുകയും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിക്കുകയും ചെയ്യുന്നു. കമ്മ്യൂണിറ്റി ബേസ്ഡ് റീഹാബിലിറ്റേഷൻ പ്രോജക്റ്റ് (കാവൽപ്ലസ്) ആദ്യഘട്ടത്തിൽ തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിൽ നടപ്പിലാക്കുകയും തുടർന്ന് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയും ഏകദേശം 800 ഓളം കുട്ടികൾക്ക് സേവനം ലഭ്യമാക്കുകയും ചെയ്തു. കാവൽപ്ലസ് പദ്ധതി എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട എൻ.ജി.ഒ. മുഖേന ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്.

## പ്രിലിമിനറി അസ്സസ്മെന്റ്

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ലൈംഗികാതിക്രമങ്ങൾ നിമിത്തം അതിജീവിതരായ കുട്ടികൾക്ക് ഉണ്ടാകുന്ന ശാരീരിക-മാനസിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിലേക്കായി സംഭവം റിപ്പോർട്ട് ചെയ്താലുടൻ തന്നെ പ്രാഥമിക വിലയിരുത്തലും അതിലൂടെ അവർക്കുവേണ്ട അടിയന്തിര ശാരീരിക-മാനസിക ആരോഗ്യവും പിന്തുണയും ലഭ്യമാക്കി ആവശ്യമായ ഇടപെടലുകൾ സ്കൂൾ കൗൺസിലർമാരിലൂടെ നടപ്പാക്കിവരുന്ന പദ്ധതി.

ഗാർഹികാതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 വകുപ്പ് വഴി നടപ്പിലാക്കിവരുന്നു. ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രെയിനിംഗ്, ഷെൽട്ടർ

ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡന നിയമത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ നൽകുന്നതിന് കേരളത്തിലെ 14 ജില്ലകളിലായി നിലവിൽ 90 സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ഗാർഹിക പീഡനങ്ങൾക്കിരയാകുന്ന വനിതകൾക്ക് ഭക്ഷണം, താമസ സൗകര്യം, വസ്ത്രം, കൗൺസിലിംഗ്, നിയമ സഹായം, വൈദ്യ സഹായം, തൊഴിൽ അധിഷ്ഠിത പരിശീലനം, കുട്ടികളുടെ സംരക്ഷണത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ സൗജന്യമായി ഷെൽട്ടർ ഹോം മുഖേന നൽകുന്നു. ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകളേയും കുട്ടികളെയുമാണ് (പെൺകുട്ടികളേയും 12 വയസ്സിന് താഴെ പ്രായമുള്ള ആൺകുട്ടികളേയും) ഈ ഹോമുകളിൽ താൽക്കാലികമായി (പരമാവധി രണ്ട് വർഷം വരെ) താമസിപ്പിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ 11 ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നു. വരും വർഷങ്ങളിൽ എല്ലാ ബ്ലോക്കുകളിലും സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഗാർഹികാതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരമുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കേരളത്തിലെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഈ നിയമപ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് മജിസ്ട്രേറ്റിനെ സഹായിക്കുക, പരാതിക്കാരിൽ നിന്നും ലഭിച്ച പരാതി അനുസരിച്ച് നിശ്ചിത ഫോറത്തിൽ ഡൊമസ്റ്റിക് ഇൻസിഡെന്റ് റിപ്പോർട്ട് തയ്യാറാക്കി അത് ബന്ധപ്പെട്ട മജിസ്ട്രേറ്റിന് സമർപ്പിക്കുകയും പകർപ്പുകൾ പോലീസ് ഉദ്യോഗസ്ഥൻ, സർവ്വീസ് പ്രൊവൈഡർ എന്നിവർക്ക് നൽകുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ വനിതാ സംരക്ഷണ ഓഫീസർമാർ നിർവഹിച്ചു പോരുന്നു. ഗാർഹിക പീഡനം, ജന്റർ ബേസ്ഡ് അതിക്രമങ്ങൾ എന്നിവ തടയുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പരിപാടിയാണ് പ്രീ ആന്റ് പോസ്റ്റ് മാരിറ്റൽ കൗൺസിലിംഗ്. 2022 മാർച്ച് 8 ന് ടി പദ്ധതി ആരംഭിക്കുകയും ആയതിന്റെ ഭാഗമായി ഫാമിലി കൗൺസിലിംഗ് സെന്ററുകളിൽ സേവനമനുഷ്ഠിക്കുന്ന കൗൺസിലർമാർക്കും വകുപ്പ് വഴി ജോലി ചെയ്തുവരുന്ന മറ്റ് കൗൺസിലേഴ്സിനും ട്രെയിനിംഗ് നൽകിയിട്ടുണ്ട്.

ഗാർഹിക പീഡനത്തിൽ നിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ചു ആരംഭിച്ച പദ്ധതിയാണ് രക്ഷാദൂത്. ഗാർഹിക പീഡനത്തിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം 2005 ഫലപ്രദമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അതിക്രമങ്ങളിൽപ്പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പരാതി സമർപ്പിക്കുന്നതിനായി തപാൽ വകുപ്പ് വനിത ശിശു വികസന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് രക്ഷാദൂത്. അതിക്രമത്തിനിരയായ വ്യക്തിയോ, അവരുടെ പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി "തപാൽ" എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റ് മാസ്റ്റർ/മിസ്ട്രസിന്റെ സഹായത്തോട് കൂടി ഒരു സീൽ ചെയ്ത പേപ്പറിൽ പരാതി സ്വന്തം മേൽവിലാസമെഴുതി ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. അല്ലാത്തപക്ഷം പീഡനം അനുഭവിക്കുന്ന സ്ത്രീയോ/കുട്ടിയോ അവരുടെ അടുത്തുള്ള ലെറ്റർ ബോക്സിൽ സീൽ ചെയ്ത് വെള്ള പേപ്പറിൽ സ്വന്തം മേൽവിലാസമെഴുതി നിക്ഷേപിക്കാവുന്നതുമാണ്. ഈ പരാതികൾ പോസ്റ്റ് മാസ്റ്റർ സ്വീകരിച്ച് പീഡനം നേരിട്ട സ്ത്രീ / കുട്ടിയുടെ പൂർണ്ണമായ

മേൽവിലാസത്തോടെ വനിത ശിശു വികസന വകുപ്പിന്റെ ഇ-മെയിൽ/വാട്സ് ആപ്പ് sms helpline നിൽ കൈമാറുന്നതാണ്. ഈ പരാതികൾ വകുപ്പിലെ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പെൺകുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളിൽ പിൻതുണ നൽകി സ്വയം പര്യാപ്തരാക്കി മാറ്റാൻ കൈക്കൊണ്ടിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

<u>സ്ത്രീ ശാക്തീകരണ ക്യാമ്പയിനുകൾ</u>

<u>ഇനി വേണം പ്രതികരണം ക്യാമ്പയിൻ</u>

സംസ്ഥാനത്തെ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ, വനിതാ-ശിശു വികസന വകുപ്പ് ലിംഗ അസമത്വം, സ്ത്രീധനം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ വിവിധ ദൃശ്യ, ശ്രവ്യ, സാമൂഹിക മാധ്യമങ്ങളിലൂടെ സ്ത്രീ ശാക്തീകരണ ക്യാമ്പയിനുകൾ 'ഇനി വേണം പ്രതികരണം' എന്ന പേരിൽ സംഘടിപ്പിച്ചു.

സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനും ലിംഗ അസമത്വം, സ്ത്രീധന ഗാർഹിക പീഡനം ഇവയ്ക്കെതിരെയും വിവിധ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ വഴി വ്യാപക പ്രചരണം നടത്തി വരുന്നു.

- വിവിധ സ്ത്രീസുരക്ഷാ പദ്ധതികളെക്കുറിച്ചുള്ള പോസ്റ്ററുകൾ, പത്രമാധ്യമങ്ങൾ, മാഗസിനുകൾ എന്നിവ മുഖാന്തിരം പ്രചരിപ്പിച്ചു വരുന്നു.

- പൊതു സ്ഥലങ്ങളിൽ സ്ത്രീ ശാക്തീകരണ പോസ്റ്ററുകൾ പതിപ്പിച്ചു.

- സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി വിവാഹ മണ്ഡപങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ബഹു. വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ ജീവനക്കാർ മുഖേന ദമ്പതികൾക്ക് ലഭ്യമാക്കി.

- സംസ്ഥാനത്തെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക്, ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി, സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജന്റർ റിസോഴ്സ് പെഴ്സൺ മുഖാന്തിരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗും, പൊതു ജനങ്ങളിൽ Gender Awareness നടത്തി.

- ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും, ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സും ലഭ്യമാക്കി.

- വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് റേഡിയോ ക്യാമ്പയിനുകൾ, ട്രെയിൻ ബ്രാൻഡിംഗ് എന്നിവ നടത്തി വരുന്നു.

- വിവിധ എംപാനൽ ഏജൻസികളിൽ നിന്ന് Expression of Interest ക്ഷണിച്ച് തിയേറ്റർ പരസ്യം, ടോക്ക് ഷോ, കോമഡി ട്രോളുകൾ, ഷോർട്ട് വീഡിയോ, ആനിമേറ്റഡ് വീഡിയോകൾ, സംഗീത ആൽബങ്ങൾ എന്നിവ ചിത്രീകരിച്ച് വിവിധ മാധ്യമങ്ങളിലൂടെ പ്രദർശിപ്പിച്ചു. സ്ത്രീധന സമ്പ്രദായം, ഗാർഹികാതിക്രമങ്ങൾ, എന്നിവയ്ക്കെതിരെ ഹ്രസ്വ വീഡിയോകൾ നിർമ്മിച്ച് തീയറ്ററുകളിൽ പ്രദർശിപ്പിച്ചു.

- യുവാക്കളിലൂടെ സ്ത്രീധന സമ്പ്രദായത്തിനെതിരെയുള്ള സന്ദേശം സമൂഹത്തിലെത്തിക്കുക എന്ന ഉദ്ദേശത്തിൽ കോളേജ് വിദ്യാർത്ഥികൾക്കിടയിൽ സ്ത്രീധന സമ്പ്രദായത്തിനെതിരെ ഷോർട്ട് ഫിലിം മത്സരം നടത്തുകയും, ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടിയ വിജയികൾക്ക് വനിതാദിനത്തോടനുബന്ധിച്ച് സമ്മാനം വിതരണം നടത്തുകയും ചെയ്തു. പ്രസ്തുത പരിപാടിയിൽ വിവിധ കോളേജുകളിൽ നിന്നുള്ള ധാരാളം കുട്ടികൾ പങ്കെടുത്ത് പരിപാടി ഒരു വൻവിജയമാക്കിത്തീർക്കുകയും ചെയ്തു.

കനൽ ക്യാമ്പയിൻ

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ, ലിംഗ വിവേചനം തുടങ്ങിയവ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ അതിക്രമങ്ങളെ ചെറുക്കുന്നതിനും, ലിംഗ വിവേചനം അവസാനിപ്പിക്കുന്നതിനുമായി ജനങ്ങൾക്കിടയിൽ വ്യാപക ബോധവൽക്കരണം നടത്തുവാൻ ബഹു മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന കനൽ കർമ്മ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പെഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign സംഘടിപ്പിച്ചുവരുന്നു.

യുവജനങ്ങൾക്കിടയിൽ ലിംഗ സമത്വം ഉറപ്പ് വരുത്തുക, സ്ത്രീധന സമ്പ്രദായം, വിവാഹ ധൂർത്ത്, ശൈശവ വിവാഹം എന്നിവ നിരോധിക്കുക തുടങ്ങിയ വിഷയങ്ങൾ ടെക്നിക്കൽ, നോൺ ടെക്നിക്കൽ കോളേജ് കരിക്കുലത്തിൽ ഉൾപ്പെടുത്തുവാനുള്ള വനിതാ ശിശു വികസന വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ടി വിഷയങ്ങൾ ടെക്നിക്കൽ, നോൺ ടെക്നിക്കൽ കോളേജ് കരിക്കുലത്തിൽ ഉൾപ്പെടുത്തുവാൻ സർക്കാർ തലത്തിൽ നിർദ്ദേശം നൽകി കഴിഞ്ഞു. 2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തെ എല്ലാ ടെക്നിക്കൽ, നോൺ ടെക്നിക്കൽ, പ്രൊഫഷണൽ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പെഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign സംഘടിപ്പിച്ചിരുന്നു. 1,052 സെഷനുകളിലൂടെ 725 കോളേജുകളിലെ 1,29,569 വിദ്യാർത്ഥികൾക്ക് കനൽ ക്യാമ്പയിൻ മുഖേന ലിംഗാവബോധ ക്യാമ്പയിൻ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

ആയതിന്റെ തുടർച്ചയായി 2022-23 വർഷവും കോളേജ് വിദ്യാർത്ഥികൾക്കിടയിൽ അവബോധ പരിപാടികൾ ആരംഭിക്കുന്നതിന് ജില്ല ഒന്നിന് 30,000/- രൂപ വീതം 14 ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കായി ആകെ 4,20,000/- രൂപ അനുവദിച്ചിരുന്നു.

കനൽ കർമ്മപദ്ധതിയുടെ ഭാഗമായി സ്ത്രീധന സമ്പ്രദായം, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ എന്നിവയ്ക്കെതിരെ കോളേജ് വിദ്യാർത്ഥികൾക്കിടയിൽ വ്യാപക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഒരു കോളേജിന് 10,000/- രൂപ

നിരക്കിൽ സംസ്ഥാനത്തെ 500 കോളേജുകൾക്കായി 50,00,000/- രൂപ നടപ്പ് സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി സർക്കാരിൽ നിന്നും ലഭ്യമായിരുന്നു.

2023-24 വർഷത്തിൽ കനൽ കർമ്മ പദ്ധതിയുടെ ഭാഗമായി ലിംഗ നീതി സമത്വം, Gender Relations എന്നിവയെക്കുറിച്ച് കൂടുതൽ ബോധവൽക്കരണ ക്ലാസ്സുകൾ യുവജനങ്ങൾക്ക് നൽകുന്നതാണ്. കോളജുകളിലെ NCC, NSS, കോളേജ് യൂണിയൻ, എന്നിവരുടെ സഹകരണത്തോടെയും, കോളേജ് അഡ്മിനിസ്ട്രേഷന്റെ സാന്നിധ്യത്തിലും അര ദിവസത്തെ കോളേജ് ഫെസ്റ്റ് ആയി പരിപാടികൾ സംഘടിപ്പിക്കുവാൻ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകി കഴിഞ്ഞു. കനൽ ഫെസ്റ്റിൽ ജില്ലാതലത്തിൽ കോളേജ് വിദ്യാർത്ഥികളുടെ സ്കിറ്റ്/ഫിലിം മേക്കിംഗ്/റോൾ പ്ലേ മത്സരം നടത്തുകയും ടി മത്സര വിജയികളുടെ സംസ്ഥാനതല മത്സരങ്ങൾ മാർച്ച് 8 ന് വനിതാ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച് മത്സര വിജയികൾക്ക് സമ്മാന വിതരണം നടത്തുന്നതാണ്. പോലീസിന്റെ സഹായത്തോടെ പെൺകുട്ടികൾക്കായി വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ധീര പദ്ധതിയുടെ അര മണിക്കൂർ ദൈർഘ്യമുള്ള Self Defence Trainings സംഘടിപ്പിക്കുന്നതാണ്. Benevolence sexism എന്ന വിഷയത്തിൽ ജില്ലാതലത്തിൽ ഡിബേറ്റുകൾ സംഘടിപ്പിച്ച്, മത്സര വിജയികൾക്കുള്ള സംസ്ഥാനതല മത്സരങ്ങൾ മാർച്ച് 8 ന് വനിതാ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച് സമ്മാന വിതരണം നടത്തുന്നതാണ്. സംസ്ഥാനത്തെ 500 കോളേജുകളിൽ രണ്ട് ഘട്ടങ്ങളായാണ് കനൽ ഫെസ്റ്റ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. ആയതിൽ 2023 ജൂലൈ മാസം ആരംഭിച്ച് 2023 ഒക്ടോബർ മാസം അവസാനിപ്പിക്കേണ്ട ആദ്യഘട്ടത്തിനായുള്ള 25,30,000/- രൂപ അനുവദിച്ച് കഴിഞ്ഞു. രണ്ടാം ഘട്ടം 2023 നവംബർ മാസം ആരംഭിച്ച് 2024 ജനുവരി മാസത്തിൽ തന്നെ അവസാനിക്കുന്നതാണ്.

സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും ലിംഗവിവേചനവും അവസാനിപ്പിക്കുന്നതിനായി "ORANGE THE WORLD CAMPAIGN" ന്റെ ഭാഗമായി 2022 നവംബർ 25 (INTERNATIONAL DAY FOR THE ELIMINATION OF ALL KINDS OF VIOLENCE AGAINST WOMEN) മുതൽ ഡിസംബർ 10 (HUMAN RIGHTS DAY) വരെ 16 ദിവസം നീണ്ടു നിൽക്കുന്ന ബോധവൽക്കരണ പരിപാടികൾ ജില്ലാതലത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയിൽ അഭിഭാഷകർ, ജില്ല ലീഗൽ സർവ്വീസസ് അതോറിറ്റി, 90 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ, 14 ഷെൽറ്റർ ഹോമുകൾ, സ്വാധാർ-ഉജ്ജ്വല ഹോം അധികാരികളെയും പോലീസ് വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ എന്നീ വകുപ്പുകളിലെ ജില്ലാതല മേധാവികളെയും പങ്കെടുപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബോധവൽക്കരണ പരിപാടിയിൽ വകുപ്പ് നടപ്പിലാക്കുന്ന സേവനങ്ങൾ സംബന്ധിച്ച് ജില്ല വനിത ശിശു വികസന ഓഫീസർ, വനിത സംരക്ഷണ ഓഫീസർ, ജില്ല ശിശു സംരക്ഷണ ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർ, ONE STOP CENTRE ലെ ജീവനക്കാർ, എന്നിവരുടെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ജനപ്രതിനിധികൾ/ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സൈക്കിൾ റാലി/മാരത്തോൺ സംഘടിപ്പിച്ചിട്ടുണ്ട്. ഗാർഹിക പീഡന നിരോധനം, സ്ത്രീധന നിരോധം, തൊഴിലിടങ്ങളിലെ സ്ത്രീകൾക്കെതിരെയുള്ള ലൈംഗീകാതിക്രമങ്ങൾ (തടയലും നിരോധിക്കലും പരിഹാരവും) എന്നീ വിഷയങ്ങളിൽ TROLL കൾ, സ്കിറ്റുകൾ, ടോക്ക് ഷോകൾ, എഫ് എം റേഡിയോ ക്യാമ്പെയിനുകൾ എന്നിവ

മുഖേന പ്രചരണം നടത്തിവരുന്നു. ഇതിനുപുറമേ ശിശു വികസന പദ്ധതി ഓഫീസർമാർ പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതി അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ, ജനപ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷൻ, സ്ത്രീ സംഘടനകൾ, NSS, NCC വോളന്റിയേഴ്സ്, കോളേജ് വിദ്യാർത്ഥികൾ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, കുടുംബശ്രീ അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ല വനിത ശിശു വികസന ഓഫീസറുടെ നേതൃത്വത്തിൽ നൈറ്റ് വാക്ക് സംഘടിപ്പിച്ചു .

കൂടാതെ തേജോമയ ഹോം, ഇന്റഗ്രേറ്റഡ് കെയർ സെന്റർ, തൃശ്ശൂർ മോഡൽ ഹോം, എസ്.ഒ.എസ് മോഡൽ ഹോം, ഹോം ഫോർ മെന്റൽ ഹെൽത്ത്, ആഫ്റ്റർ കെയർ ഹോം എന്നിവയും പ്രവർത്തിച്ചു വരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള ഐ.ഇ.സി പദ്ധതി, ധീരാ പദ്ധതി, ആശ്വാസ നിധി, കാവൽ പ്ലസ്, ലീഗൽ ഡസ്ക്, എന്നീ പദ്ധതികളും നിർഭയ സെല്ലിന് കീഴിൽ നടപ്പാക്കി വരുന്നു.

നിർഭയ സെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധസ്ഥാപനങ്ങൾ, പദ്ധതികൾ എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## എൻട്രി ഹോമുകൾ

ജില്ലകളിൽ പ്രവർത്തിക്കുന്ന എൻട്രി ഹോമിൽ എത്തുന്ന ലൈംഗികാതിക്രമ അതിജീവിതരെ 48 മണിക്കൂറിനുള്ളിൽ വൈദ്യ പരിശോധന നടത്തുകയും 2 ആഴ്ച്ചയ്ക്കകം ഹോം സ്റ്റഡി റിപ്പോർട്ട് പൂർത്തിയാക്കുകയും ചെയ്യുന്നു. താമസക്കാരുടെ ഇൻഡിവിജ്വൽ കെയർ പ്ലാൻ തയ്യാറാക്കി രക്ഷിതാക്കളുടെ യോഗം ചേർന്ന് സ്വഭവനങ്ങളിൽ തന്നെ താമസിപ്പാക്കാനാകുമോയെന്ന് പരിശോധിക്കുന്നു. സാദ്ധ്യമാകാത്ത പക്ഷം വിദ്യാർത്ഥികളാണെങ്കിൽ അവരെ തൃശ്ശൂർ മോഡൽ ഹോമിലേക്ക് മാറ്റി തുടർ വിദ്യാഭ്യാസം നൽകുന്നു. തൊഴിൽ പരിശീലനം ആവശ്യമുള്ളവരാണെങ്കിൽ തേജോമയ ആഫ്റ്റർ കെയർ ഹോമിലേക്കും മാറ്റി തൊഴിൽ പരിശീലനം നൽകുന്നു. വിവിധ കാരണങ്ങളാൽ സ്വഭവനങ്ങളിലേക്കോ മറ്റ് ഹോമുകളിലേക്കോ മാറ്റി പാർപ്പിക്കാനാവാത്ത അതിജീവിതരെ എൻട്രി ഹോമുകളിൽ വച്ച് തന്നെ ആവശ്യമായ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകുന്നു.

സ്വഭവനങ്ങളിലേക്ക് തിരികെ ഉൾച്ചേർക്കുന്ന കുട്ടികൾക്ക് ആവശ്യമായ ഫോളോ-അപ്പ് അതാത് എൻട്രി ഹോം, ഡി.സി.പി.ഒ ഓഫീസ്, കാവൽ പ്ലസ് പദ്ധതി എന്നിവ മുഖേന നടപ്പിലാക്കി വരുന്നു.

## മോഡൽ ഹോം ഫോർ ഗേൾസ്, തൃശ്ശൂർ

എൻട്രി ഹോമിൽ താമസിക്കുന്ന കുട്ടികളെ 3 മാസത്തിനുള്ളിൽ പുനരധിവാസ പ്രക്രിയ പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ അവരുടെ പഠനവും ജീവിതനൈപുണ്യവും മറ്റും ഉറപ്പുവരുത്തുന്നതിനുവേണ്ടിയും കുട്ടികളുടെയും അവരുടെ രക്ഷകർത്താക്കളുടേയും സമ്മതത്തോടുകൂടി തൃശ്ശൂർമോഡൽ ഹോമിലേക്ക് സി.ഡബ്ല്യു..സിയുടെ ഉത്തരവ് പ്രകാരം മാറ്റിപ്പാർപ്പിക്കുന്നു. 12-18 വരെയുള്ള വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളും നൽകി സംരക്ഷിച്ചു

പോരുന്നു. 150 കുട്ടികളെ പാർപ്പിക്കുവാൻ ഇവിടെ സൗകര്യം ഒരുക്കിയിട്ടുണ്ട്. പഠനത്തോടൊപ്പം കുട്ടികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി അതിലൂടെയുള്ള പരിശീലനം കൂടി നൽകി പുനരധിവസിപ്പിക്കുന്നു.

**എസ്.ഒ.എസ്. മോഡൽ ഹോം, തിരുവനന്തപുരം, എറണാകുളം പാലക്കാട്**

12 വയസ്സിന് താഴെയുള്ള അതിജീവിതർക്ക് ഭവനാന്തരീക്ഷം നൽകി പരിപാലിക്കുന്നതിനാണ് എസ്.ഒ.എസ്. മോഡൽ ഹോം ലക്ഷ്യമിടുന്നത്. ഓരോ എസ്.ഒ.എസ്. മോഡൽ ഹോമിലും ഒരമ്മയും സഹായിയും ചേർന്ന് ആറ് മുതൽ എട്ട് വരെ കുട്ടികളെ പരിപാലിക്കുന്നു. ഇത്തരത്തിലുള്ള ഓരോ ഹോമുകൾ വീതം തിരുവനന്തപുരം, എറണാകുളം, പാലക്കാട് ജില്ലകളിൽ പ്രവർത്തിച്ച് വരുന്നു.

**ഇന്റഗ്രേറ്റഡ് കെയർ സെന്റർ**

എൻടി ഹോമിലെ താമസക്കാരിൽ ഗർഭകാലം മുതൽ ഗർഭാനന്തരം വരെയുള്ള പരിചരണം ആവശ്യമുള്ളവർക്കും എം.ടി.പി. കഴിഞ്ഞവർക്കും പ്രത്യേക പരിചരണം നൽകുന്നതിനും വേണ്ടി തിരുവനന്തപുരം ജില്ലയിൽ ഇന്റഗ്രേറ്റഡ് കെയർ സെന്റർ എന്ന പേരിൽ ഒരു പുതിയ ഹോം ആരംഭിച്ചിട്ടുണ്ട്.

**ഹോം ഫോർ മെന്റൽ ഹെൽത്ത്**

നിർഭയ സെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഹോമുകളിലെ താമസക്കാരിൽ പെരുമാറ്റ വൈകല്യം മുതൽ ഗുരുതരമായ മാനസിക രോഗങ്ങൾക്ക് വരെ ചികിത്സ തേടുന്നവരുണ്ട്. ഇത്തരത്തിലുള്ള കുട്ടികൾക്ക് ശിശു സൗഹാർദ്ദമായ അന്തരീക്ഷത്തിൽ ചികിത്സയും പ്രത്യേക പരിചരണവും നൽകി സാധാരണ ജീവിതത്തിലേക്ക് തിരികെ എത്തിക്കുന്നതിനാണ് തൃശ്ശൂർ ജില്ലയിൽ ഹോം ഫോർ മെന്റൽ ഹെൽത്ത് പ്രവർത്തിക്കുന്നത്.

**തേജോമയ ആഫ്റ്റർ കെയർ പദ്ധതി**

നിർഭയ സെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഹോമുകളിലെ താമസക്കാരെ 16 വയസ്സ് പൂർത്തിയായവരും റെഗുലർ സ്കൂൾ പഠനത്തിന് താൽപര്യമില്ലാത്തവരുമായ കുട്ടികൾക്ക് വരുമാനദായകമായ തൊഴിൽ പരിശീലനവും തൊഴിലും നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥാപനമാണ് തേജോമയ ആഫ്റ്റർ കെയർ ഹോം. എറണാകുളം ജില്ലയിൽ എടക്കാട്ടുവയലിൽ പ്രവർത്തിച്ചുവരുന്നു.

**ആഫ്റ്റർ കെയർ ഹോം**

18 വയസ്സ് കഴിഞ്ഞ അംഗങ്ങളെ പ്രത്യേകം താമസിപ്പിച്ച് പുനരധിവാസവും പുനരേകികരണവും സാദ്ധ്യമാക്കുന്നതിന് തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഓരോ ആഫ്റ്റർ കെയർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു.

**മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ ഹോം**

നിലവിലെ സാഹചര്യത്തിൽ എസ്.ഒ.എസ്. ഹോമിലും എൻടി ഹോമുകളിലും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ മറ്റ് കുട്ടികളോടൊപ്പം താമസിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അവരുടെ എല്ലാ അവകാശങ്ങളും സംരക്ഷിച്ചുകൊണ്ട് ശാസ്ത്രീയമായ പരിചരണത്തിലൂടെ പരമാവധി വികസനം ഉറപ്പുവരുത്തി കൃത്യമായ

പരിചരണം നൽകിക്കൊണ്ട് പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥാപനമാണ് സ്പെഷ്യൽ നീഡ്സ് ഹോം തൃശ്ശൂർ. ഓരോ കുട്ടിക്കും അവന്റെ കഴിവിനനുസരിച്ചുള്ള വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും ജീവിതനൈപുണ്യ പരിശീലനവും ലഭ്യമാക്കിക്കൊണ്ട് പുനരധിവസിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രസ്തുത ഹോം തൃശ്ശൂർ രാമവർമ്മപുരത്ത് ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ധീര പദ്ധതി**

നമ്മുടെ സമൂഹത്തിൽ ഇന്ന് സ്ത്രീകളോടും കുട്ടികളോടുമുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ബാല്യകാലത്തിൽ തന്നെ പെൺകുട്ടികളിൽ ആത്മവിശ്വാസവും ധൈര്യവും വളർത്തുക, മാനസിക-ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുക, അതിക്രമങ്ങളെക്കുറിച്ച് ബോധവതികളാക്കുക, സ്വയരക്ഷ സാധ്യമാക്കുക എന്നീ ഉദ്ദേശങ്ങളോടെ ധീര എന്ന പേരിൽ വനിതശിശുവികസന വകുപ്പ് നിർഭയസെൽ മുഖാന്തിരം പഞ്ചായത്ത് തലത്തിൽ ആയോധനകലകൾ അഭ്യസിപ്പിക്കുന്നതിലേക്ക് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**ആശ്വാസനിധി**

അതിക്രമങ്ങൾ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും ഗുരുതരമായ ക്ഷതങ്ങളോ രോഗങ്ങളോ ഉണ്ടാകാറുണ്ട്. ആസിഡ് അതിക്രമങ്ങൾ അതിജീവിച്ചവർക്ക് പലപ്പോഴും ജീവിതകാലം മുഴുവൻ ഘട്ടംഘട്ടമായുള്ള ശാരീരിക മാനസിക ചികിത്സകൾ വേണ്ടിവരുന്നു. ഇത്തരത്തിലുള്ളവർക്ക് അടിയന്തിര ധനസഹായമെന്ന നിലയിൽ ആരംഭിച്ച പദ്ധതിയാണ് ആശ്വാസനിധി.

**ലീഗൽ സെൽ**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ളല ലൈംഗികാതിക്രമം തടയുന്നതിന് വേണ്ടിയുള്ള സ്റ്റേറ്റ് നിർഭയ സെല്ലിൽ നിയമ നടത്തിപ്പ് സംവിധാനങ്ങൾ ഏകോപിപ്പിക്കുന്നതിനും കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിനും കേസ് അന്വേഷണം, സാക്ഷി വിസ്താരം തുടങ്ങിയ കോടതി നടപടികൾ ത്വരിതപ്പെടുത്തുകയും കുറ്റവാളികൾക്കെതിരായി ശക്തമായ നിയമ നടപടികൾ പൂർത്തീകരിച്ച് പരമാവധി ശിക്ഷ ഉറപ്പു വരുത്തുന്നതിനും വിക്ടിം കോംപൻസേഷൻ സ്കീം ആശ്വാസനിധി പദ്ധതി തുടങ്ങിയവ ഊർജിതമായി നടപ്പിലാക്കുന്നതിനും KeLSA, DLSA, paralegal volunteers, law college കൾ, സഖി വൺ സ്റ്റോപ്പ് സെൻററുകൾ തുടങ്ങിയ നിയമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുമായി സഹകരിച്ച് കൗൺസിലിംഗും നിയമപരമായ സഹായങ്ങളും സ്റ്റേറ്റ് തലത്തിൽ നടപ്പാക്കുന്നതിനും ജില്ലാതല പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനുമായി ഒരു ലീഗൽ അസിസ്റ്റന്റിന്റെ നേതൃത്വത്തിൽ ഒരു ലീഗൽ സെൽ പ്രവർത്തിച്ചു വരുന്നു.

**വൺസ്റ്റോപ്പ് സെന്റർ**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ കൗൺസിലിംഗ്, വൈദ്യസഹായം, ചികിത്സ, നിയമസഹായം പോലീസ് സംരക്ഷണം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ

ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി നടപ്പാക്കി വരുന്ന പദ്ധതിയാണ് വൺസ്റ്റോപ്പ്സെന്റർ (ഒ.എസ്.സി). കേരളത്തിൽ 14 ജില്ലകളിലും ഒരു ഒ.എസ്.സി വീതം 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. ലിംഗപദവിയുമായി ബന്ധപ്പെട്ട അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് ഏതുസമയത്തും അഭയം തേടാവുന്ന സ്ഥാപനമാണിത്.

**സേവനങ്ങൾ**

- പ്രശ്നത്തിൽ അടിയന്തിര ഇടപെടൽ സഹായം.
- കൗൺസിലിംഗ്
- വൈദ്യസഹായം
- എഫ്.ഐ.ആർ, എൻ.സി.ആർ,ഡി.ഐ.ആർ ഫയൽ ചെയ്യുവാൻ പോലീസ്, വനിത സംരക്ഷണ ഓഫീസർ മുതലയാവരുടെ സേവനം
- നിയമസഹായം
- സുരക്ഷിത അഭയം
- വീഡിയോ കോൺഫറൻസിംഗ് സംവിധാനം
- റഫറൽ സർവ്വീസ്

സെക്ഷൻ ഓഫീസർ